മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2024 തീയതി.30.08.2024

സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) Pay Slip-ന് പകരം JANMANREGA ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതു -സംബന്ധിച്ച്

പരാമർശം: 13.08.2024-ലെ മിഷൻ ഡയറക്ടറുടെ NREGA/1101/2024-B2 നമ്പർ കത്ത്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ Operational Guidelines 2013, Clause 7.15 പ്രകാരം പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് Pay Slip നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ Pay Slip നൽകുന്നില്ല എന്നത് സംബന്ധിച്ച് നിരവധി സോഷ്യൽ ഓഡിറ്റ് പരാമർശങ്ങൾ നിലനിൽക്കുന്നു.

ഓരോ തവണയും Pay Slip പ്രിന്റ് എടുത്ത് നൽകുക എന്നത് പ്രായോഗികമല്ലായെന്നും സുതാര്യത ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി Pay Slip-ന്റെ ഡിജിറ്റൽ കോപ്പി തൊഴിലാളികൾക്ക് നൽകുന്നതാണെന്നും കൂടാതെ JANMANREGA എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ Pay Slip സംബന്ധിച്ച വിവരങ്ങൾ മേറ്റുമാർ തൊഴിലാളികൾക്ക് ഫോണിലൂടെ അയച്ച് നൽകുന്നത് സാദ്ധ്യമാണെന്നും സൂചന പ്രകാരം മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിന്റെ പ്രായോഗിത കണക്കിലെടുത്തു കൊണ്ട് Pay Slip പ്രിന്റ് ചെയ്തു നൽകുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്. എന്നാൽ തൊഴിലാളികളുടെ വേതന വിതരണം സംബന്ധിച്ച വിവരങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ

എല്ലാ ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കും

പകർപ്പ്:
(1) എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും
(2) ഫയൽ/സ്റ്റോക്ക് ഫയൽ